# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 110/2025** **തിരുവനന്തപുരം, തീയതി: 24.05.2025**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല നാല് വർഷ ബിരുദ പ്രവേശനം - 2025

കേരളസർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (2025 അഡ്മിഷൻ) പ്രവേശനം നേടുന്നതിനായി ഓൺലൈൻ മുഖേന 2025 മെയ് 26 വരെ അപേക്ഷിക്കാവുന്നതാണ്. യോഗ്യത: പ്ലസ് ടു/ഹയർ സെക്കണ്ടറി തത്തുല്യം. പ്രവേശന പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിലാണ് അഡ്മിഷൻ. അപേക്ഷകൾ https://admissions.keralauniversity.ac.in വഴി ഓൺലൈനായി സമർപ്പിക്കാം. അപേക്ഷാഫീസ് എസ്.സി/എസ്.ടി: 600/- രൂപ, മറ്റുള്ളവർ: 1200/- രൂപ, വിശദവിവരങ്ങൾക്ക്: 0471-2308328, 9188524612, ഇ-മെയിൽ: cssfyugphelp2025@gmail.com.

## തിയറി/പ്രാക്ടിക്കൽ/വൈവവോസി പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2025 മെയ് 28 മുതൽ 31 വരെ നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും (തിയറി/പ്രാക്ടിക്കൽ/വൈവവോസി) സർവകലാശാല യുവജനോത്സവത്തോടനുബന്ധിച്ച് മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 മെയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംബിഎൽ (ഈവനിംഗ് കോഴ്സ്), നാലാം സെമസ്റ്റർ എംബിഎൽ എന്നീ ബിരുദ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 ജൂൺ 2 വരെ അപേക്ഷിക്കാം.

## പ്രാക്ടിക്കൽ/പ്രോജക്ട്/വൈവവോസി

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബിടെക് (2013 സ്കീം) ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിന്റെ 13807 – പ്രോജക്ട് & വൈവവോസി, ഇൻഫർമേഷൻ ടെക്നോളജിയുടെ 13807 – വെബ് ആപ്ലിക്കേഷൻസ് ലാബ്, 13808 – പ്രോജക്ട് വർക്ക് & വൈവവോസി എന്നിവ 2025 മെയ് 27 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പരീക്ഷാഫീസ് തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2025 ജൂൺ 4, 10, 16 തീയതികളിൽ നടത്തുന്ന ജർമ്മൻ A1, ജർമ്മൻ B1, ജർമ്മൻ B2 പരീക്ഷകൾക്ക് അപേക്ഷിക്കുവാനുള്ള തീയതി പുനഃക്രമീകരിച്ചു. പിഴകൂടാതെ 2025 മെയ് 26 വരെയും 150/- രൂപ പിഴയോടെ മെയ് 28 വരെയും 400/- രൂപ പിഴയോടെ മെയ് 30 വരെയും അപേക്ഷിക്കാം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**